പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2511 — 18.06.2014 ൽ മറുപടിക്ക്.

## അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. പി. ബി. അബ്ദുൾ റസാക് | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമം സംബന്ധിച്ച് എന്തൊക്കെ നടപടി സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കുമോ; | (എ) കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വെൽഫെയർ ബോർഡിന്റെ കീഴിൽ 2010–ൽ നിലവിൽ വന്ന കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് ജോലിചെയ്യുന്ന കുടിയേറ്റ തൊഴിലാളികളുടെ രജിസ്ട്രേഷനും പദ്ധതി പ്രകാരമുള്ള ക്ഷേമാനുകൂല്യങ്ങളും ബോർഡ് നൽകി വരുന്നു. കൂടാതെ അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പു വരുത്തുന്നതിനായി കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബിൽ 2013 സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) ഇവർക്കെല്ലാം ശരിയായ പരിശോധനകൾക്കുശേഷം തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ടോ; | (ബി) കേരള കുടിയേറ്റ ക്ഷേമപദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്തു വരുന്നു. |

(സി) ഇവരെ ഏജന്റുമാരും ലോക്കൽ ഗുണ്ടകളും ചൂഷണം ചെയ്യാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(സി) അന്യസംസ്ഥാന തൊഴിലാളികളെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ബോർഡിന്റെ കീഴിലുള്ള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം രജിസ്റ്റർ ചെയ്യുന്നുണ്ട്. അന്യ സംസ്ഥാന തൊഴിലാളികൾ കൂടുതലായി പണിയെടുക്കുന്ന സൈറ്റുകളിലും കൂട്ടം ചേരുന്ന സ്ഥലങ്ങളിലും തൊഴിലാളികൾക്ക് ലഭിക്കേണ്ട നിയമപരമായ അവകാശങ്ങളെ സംബന്ധിച്ച ലഘുരേഖകൾ വിതരണം ചെയ്യുവാനും കൂലി നിരക്കുകളും നിയമപരമായ ആനുകൂല്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ഹിന്ദി, ബംഗാളി, ഒറിയ, ആസാമീസ് ഭാഷകളിൽ ഫ്ളക്സ് ബോർഡുകൾ വയ്ക്കുവാനും ഉദ്ദേശിക്കുന്നുണ്ട്.

സെക്ഷൻ ആഫീസർ.